LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട ജീപ്പ് വാടക

101 [1321] ശ്രീ. സി. ടി. അഹമ്മദ് അലി :

,, പി. കെ. അബ്ദുറബ്ബ് :

,, ടി. പി. എം. സാഹിർ :

,, കെ. എൻ. എ. ഖാദർ :

,, ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി) സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പഞ്ചായത്തുകളുടെ ജീപ്പുകൾ, റവന്യൂ റിക്കവറി, ഇലക്ഷൻ തുടങ്ങിയ ആവശ്യത്തിന് ജില്ലാകളക്ടർമാർ ഏറ്റെടുക്കുമ്പോൾ വാടക നൽകണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഏതൊക്കെ പഞ്ചായത്തുകൾക്കാണ് ഈ ഇനങ്ങളിൽ വാടക നൽകുവാനുള്ളത്;

(സി) ഏതൊക്കെ പഞ്ചായത്തുകളാണ് വാടക ആവശ്യപ്പെട്ടിട്ടുള്ളത് ;

(ഡി) വാടക ഇനത്തിലെ തുക നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ഇല്ല.

(ബി) & (സി) ബാധകമല്ല.

(ഡി) റവന്യൂ വകുപ്പാണ് ഇക്കാര്യം പരിഗണിക്കേണ്ടത്.

മിച്ചഭൂമി വിതരണം

102 [1322] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ മിച്ച ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ ;

(ബി) എത്ര ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്യുവാൻ ബാക്കിയുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ ?